# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

പള്ളി പൊളിക്കുന്നതിനു മുമ്പുള്ള

ശുശ്രൂഷാ ക്രമം

Worship order for the
De-Consecration of a church

*(പട്ടക്കാരനും ഇടവക ജനങ്ങളും കിഴക്കോട്ട് തിരിഞ്ഞു നിന്ന്)*

പാട്ട് - ക്രിസ്തീയ കീർത്തനം 85 or 94 or 343

**കൌമ്മാ**

**പ്രാരംഭ പ്രാർത്ഥന**

ദൈവമായ കർത്താവേ, ഹൃദയ വെടിപ്പോടും നിർമ്മല മനസ്സോടും കൂടെ ഞങ്ങൾ നിന്റെ വിശുദ്ധ ആലയത്തിൽ പ്രവേശിച്ച് നിന്നെ ആരാധിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളിലും ഞങ്ങളുടെ ശുശ്രൂഷകളിലും നീ ദർശിച്ച് സകല മാലിന്യങ്ങളിൽ നിന്നും കറകളിൽ നിന്നും ഞങ്ങളെ കഴുകി വെടിപ്പാക്കേണമേ, നിന്റെ സകല വിശുദ്ധന്മാരോടും കൂടി നിങ്കൽ നിന്ന് ഓഹരിയും പങ്കും ലഭിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമേ. ഹോശോ...... ആമ്മീൻ

**150-ാം മസുമൂർ**

1. യഹോവയെ സ്തുതിപ്പീൻ, ദൈവത്തെ അവന്റെ വിശുദ്ധ മന്ദിരത്തിൽ സ്തുതിപ്പീൻ.
2. അവന്റെ ബലമുള്ള ആകാശവിതാനത്തിൽ അവനെ സ്തുതിപ്പീൻ.
3. അവന്റെ വീര്യപ്രവൃത്തികൾ നിമിത്തം അവനെ സ്തുതിപ്പീൻ.
4. അവന്റെ മഹിമാധിക്യം നിമിത്തം അവനെ സ്തുതിപ്പീൻ.
5. കാഹള നാദത്തോടെ അവനെ സ്തുതിപ്പീൻ.
6. വീണയോടും കിന്നരത്തോടും കൂടെ അവനെ സ്തുതിപ്പീൻ.
7. തപ്പിനോടും നൃത്തത്തോടും കൂടെ അവനെ സ്തുതിപ്പീൻ.
8. തന്ത്രി നാദത്തോടും കുഴലിനോടും കൂടെ അവനെ സ്തുതിപ്പീൻ.
9. ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പീൻ.
10. അത്യുച്ചനാദമുള്ള കൈത്താളങ്ങളോടേ അവനെ സ്തുതിപ്പീൻ.
11. ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ.
12. യഹോവയെ സ്തുതിപ്പീൻ.

ദൈവമേ സ്തുതി നിനക്ക്. ബാറെക്മോർ

പട്ടക്കാരൻ : പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി

ജനം : ആദിമുതൽ എന്നന്നേക്കും തന്നെ ആമ്മീൻ

## പ്രാർത്ഥന

പട്ടക്കാരൻ : ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, നിബ്യന്മാരുടെയും ശ്ലീഹന്മാരുടെയും വിശ്വാസത്തിന്റെ പാറമേൽ ഞങ്ങളുടെ അടിസ്ഥാനത്തെ സ്ഥിരപ്പെടുത്തേണമേ. വിശുദ്ധസഭയുടെ കോൺകല്ലായ ഞങ്ങളുടെ രക്ഷിതാവ് യേശുമ്ശിഹായാകുന്ന ശോധന ചെയ്യപ്പെട്ട കല്ലിന്മേൽ ഞങ്ങളെ പണി ചെയ്യേണമേ. കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കേണമേ.

ജനം : ആമ്മീൻ

## പാഠഭാഗങ്ങൾ

എസ്രാ 1 or നെഹമ്യാവ് 2:17-20

വെളിപ്പാട് 3:1-6

## ഏവൻഗേലിയോൻ

വി. മത്തായി 5:13-16

## ലുത്തിനിയാ

പ്രതിവാക്യം - ***ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു......***

1. ലോകമെങ്ങുമുള്ള വിശുദ്ധ സഭയ്ക്കായി ദൈവമേ......
2. മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായി ദൈവമേ......
3. നമ്മുടെ എപ്പിസ്ക്കോപ്പാ സംഘത്തിനായി ദൈവമേ......
4. വൈദികർക്കും സുവിശേഷകർക്കുമായി ദൈവമേ......
5. ഈ ഇടവകയ്ക്കായി ദൈവമേ......
6. ആദ്യ വികാരി _______________ മുതൽ____________ വരെയുള്ള വികാരിമാരുടെ ശുശ്രൂഷകൾക്കും സേവന നേതൃത്വത്തിനുമായി ദൈവമേ......
7. ഈ ദേവാലയത്തിന് അടിസ്ഥാന ശില ആശിർവദിച്ച ______________ തിരുമേനിക്കായി ദൈവമേ......

8. ഈ ദേവാലയ നിർമ്മാണത്തിന് നേതൃത്വം കൊടുത്ത വൈദികർക്കും ചുമതലക്കാർക്കുമായി ദൈവമേ......
9. ഈ ദേവാലയത്തിൽ വച്ച് വിശുദ്ധ സ്നാനം സ്വീകരിച്ചവർക്കായി ദൈവമേ......
10. ഈ ദേവാലയത്തിൽ വച്ച് വിശുദ്ധ മേശയിൽ പങ്കാളിയായവർക്കായി ദൈവമേ......
11. ഈ ദേവാലയത്തിൽ വച്ച് വചനം പ്രസംഗിച്ചവർക്കും ശ്രവിച്ചവർക്കുമായി ദൈവമേ......
12. ഈ ദേവാലയത്തിൽ വച്ച് മാനസാന്തരം ലഭിച്ച എല്ലാവർക്കുമായി ദൈവമേ......
13. ഈ ദേവാലയത്തിൽ വച്ച് വിവാഹിതരായവർക്കായി ദൈവമേ......
14. ഈ ദേവാലയത്തിൽ നിന്ന് സഭാ ശുശ്രൂഷയിലേക്കു വന്ന വൈദികർക്കും സുവിശേഷകർക്കുമായി ദൈവമേ......
15. ഈ ഇടവകയുടെ വിവിധ ആരാധനകളിൽ പങ്കാളികളായ എല്ലാവർക്കുമായി ദൈവമേ......

**പ്രതിവാക്യം - *ദൈവമേ ക്ഷമിക്കേണമേ......***

1. ഞങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും മറന്ന് ജീവിച്ചു വന്നത്......
2. പള്ളിയാരാധനയിൽ വീഴ്ച വന്നുപോയത്......
3. ദൈവാനുഗ്രഹം അനുഭവിച്ചിട്ടും നന്ദി പറയാൻ വിട്ടു പോയത്......
4. സാക്ഷ്യ ജീവിതം നഷ്ടമാക്കിയത്......
5. ക്രിസ്തു ശരീരമായ സഭയുടെ ഭാഗമായ ഇതര ക്രൈസ്തവരോട് ചേർന്ന് പ്രാർത്ഥിക്കാതിരുന്നത്......
6. ദൈവീക കൂദാശകളിൽ അലംഭാവത്തോടെ പങ്കെടുത്തതും മാറിനിന്നതും......
7. തിരുവചനം പഠിക്കുന്നതിലും പാലിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളത്......
8. ദൈവീകദാനങ്ങൾ പങ്കുവയ്ക്കാതെ സ്വാർത്ഥതയോടെ പെരുമാറിയത്......

പ്രതിവാക്യം – *ദൈവമേ കൃപ ചെയ്യേണമേ......*

1. ഈ ദേവാലയ പ്രതിഷ്ഠാദിനം മുതൽ ഇന്നുവരെയും കൂടെയിരുന്ന ദൈവ കൃപയും കാവലും തുടർന്നും അനുഭവിപ്പാൻ......
2. ഈ ദേവാലയത്തിൽ കൂടിക്കൊണ്ടിരുന്ന ദൈവ ചൈതന്യം തുടർന്നും ലഭിപ്പാൻ......
3. പരിശുദ്ധ ത്രിത്വനാമത്തിൽ ആരാധനയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ട ഈ ദേവാലയം പുനഃർനിർമ്മാണത്തിനായി പൊളിക്കുന്നതിന്......
4. പുതിയ ദേവാലയ നിർമ്മാണത്തിനായി......
5. പർവ്വതത്തിൽ കാണിച്ച മാതൃക പ്രകാരം ആലയം പണിയണമെന്നുള്ള ദൈവീക നിയോഗം തന്റെ ദാസനായ മോശയ്ക്ക് നൽകിയതുപോലെ ഞങ്ങൾക്കും തന്ന്......
6. എല്ലാം ഭംഗിയായും ചന്തമായും ഉചിതമായും ചെയ്യുന്നതിന്......
7. തെററിദ്ധാരണയും ധാരണാപിശകുകളും അനൈക്യവും മൂലം പണികൾ വിഘ്നം കൂടാതെ നടക്കുന്നതിന്......
8. എല്ലാ സാത്താന്യ ബന്ധനങ്ങളിൽ നിന്നും പ്രതികൂലാനുഭവങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും വിടുവിക്കപ്പെടുന്നതിന്......
9. പള്ളി പണിയോടൊപ്പം ഇടവകയും ജനങ്ങളും ഒന്നായി പണിയപ്പെടുന്നതിന്......
10. പ്രകൃതിയോടും ദൈവത്തിന്റെ സർവ്വസൃഷ്ടിയോടും ചേർന്ന് അനുഗ്രഹീതമായ ഒരു ആത്മീക ഗൃഹമായി ഞങ്ങൾ പണിയപ്പെടുന്നതിന്......
11. ഞങ്ങൾക്ക് രക്ഷകനായി തീർന്ന ദൈവമേ, നിന്നോടുള്ളസ്നേഹത്തിന്റെ ബഹിർസ്ഫുരണമായി ഈ പുതിയ ആലയത്തെ പണിയുന്നതിന്......
12. ദേശത്തിന് അലങ്കാരവും സമൂഹത്തിന് അനുഗ്രഹവുമായി ഈ കെട്ടിടം പണിയുന്നതിന്......

## ഗീതം

നീതി പുണ്യം ധരിച്ചവരാം - വിശുദ്ധരെ നാം ഓർക്കയിൽ

നാഥനു നാം കൂട്ടമായ് - പാടീടേണം സ്തുതിയേ

ആയവരിൽ ആദ്യൻ - അമ്രാം സുതൻ മൂശെ

നിബിയന്മാരിൽ ദാനിയേൽ - ഏ-ശാ-യാ - യും

ബാബേലേ ജയിച്ച - ബാലകരാം മൂവർ

സഹദേന്മാരിൽ ആദ്യനാം - പരിശുദ്ധ സ്തേഫാനോസും

ഇവർ നടുവിൽ കൂടവേ - ഈ സഭയിൻ സ്ഥാപകൻ

ഇന്ത്യാവിൻ ഗുരുവാം - മാർത്തോമ്മാ ശ്ലീഹായും

ശുബഹോ ലാബോ ലബ്രോ - വൽറൂഹോ കാദീശോ

മെൻ വോലം വാദാമിനവോലം ഒൽമ്മീൻ - ആമ്മീൻ

*(തുടർന്ന് കാർമ്മികൻ മദ്ബഹായിൽ പ്രവേശിച്ച് വിരിക്കൂട്ട്, തബലീത്താ, മെഴുകുതിരി കാലുകൾ, കുരിശുകൾ, ധൂപക്കുറ്റി, കുന്തുരുക്ക പാത്രം തുടങ്ങിയവ ത്രോണോസിൽ നിന്നും എടുത്ത് നിർദ്ദിഷ്ട സഹകാരികളെ ഏൽപ്പിക്കുന്നു. ചിത്തോല പകുതി പകുതിയായി മടക്കി എടുക്കുന്നു.)*

(ത്രോണോസിൽ തൈലം കൂടാതെ കുരിശടയാളം വരച്ച് ചൊല്ലുന്നു)

പട്ടക്കാരൻ : തന്റെ വലിയ കരുണയാലും കൃപയാലും ഈ വിശുദ്ധ മദ്ബഹായെ അനുഗ്രഹിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിയ്ക്കും പുകഴ്ചയ്ക്കും, ദൈവതിരുസഭയുടെ സമാധാനത്തിനും കെട്ടുപണിയ്ക്കുമായി പ്രതിഷ്ഠിക്കപ്പെട്ട ഈ ദേവാലയം പുതുക്കപ്പെടുന്നതിനായി ഇതിനാൽ അഴിയ്ക്കപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ തന്നെ.

ബശ്മോദാബോ..........

*(ത്രോണോസിൽ നിന്ന് ഇറങ്ങി, തിരശ്ശീല ഇട്ട്, വായന പീഠത്തിൽ നിന്ന് വേദപുസ്തകം എടുത്ത് പ്രൊസഷനായി പടിഞ്ഞാറേക്ക് പോകുന്നു.)*

ഗീതം : ക്രി. കീ. - 419

**(ഇന്നയോളം തുണച്ചോനേ..........)**

*(പള്ളിയുടെ പ്രധാന വാതിലിൽ തൊട്ടുകൊണ്ട്)*

പട്ടക്കാരൻ : ജീവനുള്ളതും ജീവൻ നൽകുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രചാർത്തിക്കൊണ്ട് വെടിപ്പിനും വിശുദ്ധിയ്ക്കും പുനഃ നിർമ്മാണത്തിനായി ഈ ആലയം സമർപ്പിക്കുന്നു. -ബാറെക്മോർ

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ തന്നെ

ജനം : ആമ്മീൻ

## പ്രാർത്ഥന

## ഹൂത്താമ്മാ

പട്ടക്കാരൻ : ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവ് യേശുമ്ശിഹായേ, നിന്റെ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട്, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളുടെ സഹായത്തിന് നീ വന്ന് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ നിനക്ക് രമ്യവും, ഞങ്ങളുടെ നമസ്കാരം നിനക്ക് പ്രസാദകരവും, ഞങ്ങളുടെ അപേക്ഷ നിനക്ക് സ്വീകാര്യവും, ഞങ്ങളുടെ പ്രാർത്ഥന നിനക്കു ബഹുമാനകരവുമായിരിക്കണമേ. കർത്താവേ നിന്റെ അനുഗ്രഹങ്ങളും കരുണകളും സഹായങ്ങളും കൃപകളും ദൈവീകമായ നിന്റെ സകല ദാനങ്ങളും, ബലഹീനരായ ഞങ്ങളുടെ മേലും ബലഹീനതയുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേലും വന്ന് ആവസിച്ച്, എന്നേക്കും പാർക്കുമാറാകേണമേ.

ജനം : ആമ്മീൻ

*(ഗീതം പാടി കൈയ്യസൂരി സ്വീകരിച്ച് ശുശ്രൂഷ പൂർണ്ണമാക്കപ്പെടുന്നു)*

*പരസ്യാരാധനക്രമം പേജ്-19,*

പാപികളും ബലഹീനരുമാം മടിയാരിതാ

മേൽപ്പെട്ടവരാം ദൂതരെപ്പോൽ സ്തുതി ചെയ്തീടുന്നു

എല്ലായ്പ്പോഴും ഉന്നതനാം ദേവാ

എല്ലാനാളും സ്തുതി നിനക്കുണ്ടാക

ഭൂവിൽ സമാധാനമിണക്കം മർത്യർക്കെല്ലാം

പ്രത്യാശയുമുണ്ടായ് വരട്ടെ എന്നേക്കും ദൈവമേ

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ

തിരുജനകനുടെ വലഭാഗത്തമരും മഹിമാസനാ!

ദയവോടു ദർശിച്ചടിയാരെ അനുഗ്രഹിച്ചീടണമേ

എന്നന്നേക്കും നീ മാത്രം വിശുദ്ധൻ

എന്നന്നേക്കും നീമാത്രം നാഥൻ

വിശുദ്ധാത്മാവോടും കൂടെ പിതൃനാമത്തിനു

മഹിമയുണ്ടാകട്ടെ ദേവാ എന്നേക്കും ആമേൻ

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ